"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി ദേവകി തേവന് പി.എം.എ.വൈ.(നഗരം) ലൈഫ്- ഭവനനിർമ്മാണ ധനസഹായമായി കൈപ്പറ്റിയ 40,000/-രൂപയുടെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാർ റദ്ദ് ചെയ്ത് പ്രമാണം തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3090/2025/LSGD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-
1. ആലുവ നഗരസഭ കൗൺസിലിന്റെ 14.01.2025 ലെ 13 -ാം നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.08.2025 ലെ LSGD/PD/25574/2025-CSSA1LSGD/PD/25574/2025-CSSA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി ദേവകി തേവൻ, എരുത്തിക്കുന്നത്ത് ഹൗസ്, ആലുവ 2021 -22 സാമ്പത്തിക വർഷത്തെ പി.എം.എ.വൈ (നഗരം) ലൈഫ് ഭവന പദ്ധതി പ്രകാരം ആലുവ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ഒന്നാം ഗഡു ധനസഹായം 40,000/- രൂപ കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ പ്രായാധിക്യവും ശാരീരിക ബുദ്ധിമുട്ടുകളും മൂലം ഭവന നിർമ്മാണം തുടരാൻ സാധിക്കില്ല എന്നും, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ കൈപ്പറ്റിയ തുക തിരികെ അടവാക്കി പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു. ടിയാൾ കൈപ്പറ്റിയ തുക തിരിച്ചടച്ച് പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും പലിശ തുക ഒഴിവാക്കി നൽകുന്നതിനും പരാമർശം 1 പ്രകാരം തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ, ഭവനനിർമ്മാണ ധനസഹായമായി ടിയാൾ കൈപ്പറ്റിയ 40,000/- രൂപയുടെ പലിശ തുക ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാർ റദ്ദ് ചെയ്ത് പ്രമാണം തിരികെ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമതി ദേവകി തേവൻ,

എരുത്തിക്കുന്നത്ത് ഹൗസ്, ആലുവ എന്നവർക്ക്, പി.എം.എ.വൈ.(നഗരം) ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായമായി ടിയാൾ കൈപ്പറ്റിയ 40,000/-രൂപയുടെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാർ റദ്ദ് ചെയ്ത് പ്രമാണം തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ശ്രീമതി ദേവകി തേവൻ, എരുത്തിക്കുന്നത്ത് ഹൗസ്, ആലുവ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) , കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-12-2025 14:14:37
സെക്ഷൻ ഓഫീസർ